## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 6139 28-10-2011-ൽ മറുപടിയ്ക്ക്**

**നിയമ പരിഷ്ക്കരണ കമ്മീഷൻ സംബന്ധിച്ച്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ബഹു.ശ്രീ. കെ. എം. മാണി |

| ചോദ്യം | ഉത്തരം |
|---|---|
| (എ) റിട്ടയേഡ് ചീഫ് ജസ്റ്റിസ് ശ്രീ. വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമ പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ ; | സമർപ്പിച്ചിട്ടുണ്ട്. 2009 ജനുവരി 26-ന് |
| (ബി) പ്രസ്തുത റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ; | മൂന്ന് വാല്യങ്ങളടങ്ങിയ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കാം. |
| (സി) പ്രസ്തുത റിപ്പോർട്ടിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ ? | 31-03-2010-ലെ ജി. ഒ. (എം.എസ്). 62/2010/ നിയമം നമ്പർ ഉത്തരവ് മുഖേന ഏഴ് അംഗങ്ങൾ അടങ്ങിയ ഒരു കാബിനറ്റ് സബ് കമ്മിറ്റി രൂപീകരിക്കുകയും റിപ്പോർട്ട് പഠിച്ച് നടപ്പിലാക്കാൻ കഴിയുന്ന വിഷയങ്ങളെ സംബന്ധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുവാനും ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത കാബിനറ്റ് സബ് കമ്മിറ്റി 02-09-2010, 03-11-2010 എന്നീ തീയതികളിൽ യോഗം ചേരുകയും റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. അതു പ്രകാരം പൊതുവായ 24 ശുപാർശകളും 20 പുതിയ ബില്ലുകളും 20 ഭേദഗതി |

ബില്ലുകളും 8 ചട്ടങ്ങൾ/ റെഗുലേഷനുകളുടെ ഭേദഗതികളും ഉടൻ പരിഗണിക്കാവുന്നവയാണെന്നും മറ്റുള്ളവ വിശദമായ ചർച്ചകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ പരിഗണിക്കാവുന്നതാണെന്നും ശുപാർശ ചെയ്തിരുന്നു. കാബിനറ്റ് സബ് കമ്മിറ്റിയുടെ പ്രസ്തുത റിപ്പോർട്ട് സഹിതം നിയമ പരിഷ്ക്കരണ കമ്മിറ്റിയുടെ റിപ്പോർട്ട് 02-02-2011-ലെ 5742-ാം നമ്പർ ഇന മായി അന്നത്തെ മന്ത്രിസഭ അംഗീകരിച്ചു. മന്ത്രിസഭയുടെ തീരുമാന പ്രകാരം മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ടിൽ ശുപാർശ ചെയ്ത പൊതു ശുപാർശകളും,ബില്ലുകളും ചട്ടങ്ങളും റെഗുലേഷനുകളും ഉടൻ തന്നെ നിയമ നിർമ്മാണത്തിനായും മറ്റ് ആവശ്യമായ തുടർനടപടികൾ സ്വീകരിയ്ക്കുന്നതിലേക്കുമായും എല്ലാ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കും, കാബിനറ്റ് സബ് കമ്മിറ്റിയുടെ റിപ്പോർട്ടും ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ സമർപ്പിച്ച റിപ്പോർട്ടും സഹിതം, അയച്ചു കൊടുത്തിട്ടുളളതുമാകുന്നു.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**